പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1619** | **02.07.2015-ൽ മറുപടിക്ക്**

**മാലിന്യനിർമ്മാർജ്ജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| 1. ശ്രീമതി.പി.അയിഷാ പോറ്റി | | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) | |
| (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കാനായി തദ്ദേശസ്വയംഭരണ വകുപ്പിന് സംസ്ഥാന, കേന്ദ്ര വിഹിതമായി ലഭിച്ച തുക എത്രയാണ്;** | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കാനായി തദ്ദേശ സ്വയംഭരണ വകുപ്പിന് സംസ്ഥാന വിഹിതമായി രൂ.13,732.54 ലക്ഷവും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമായി രൂ. 1299.46 ലക്ഷവും ലഭ്യമായിട്ടുണ്ട്. |
| (ബി) | **മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി പ്രസ്തുത തുക ആർക്കെല്ലാം വിതരണം ചെയ്തിട്ടുണ്ട്;** | (ബി) | മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി ശുചിത്വമിഷന് സർക്കാർ അനുവദിച്ച തുക പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി പ്രോജക്ട് നിർവ്വഹണത്തിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | **പ്രസ്തുത തുകയിൽ ശുചിത്വമിഷന് നൽകിയ തുകയും നാളിതുവരെ ചെലവഴിച്ച തുകയുടെ കണക്കും വെളിപ്പെടുത്തുമോ?** | (സി) | ശുചിത്വ മിഷന് നൽകിയ 15032.00 ലക്ഷം രൂപയിൽ 14417.12 ലക്ഷം രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ